**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 229** **18-03-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ക്ഷേത്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. പ്രേംകുമാർ** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ക്ഷേത്രങ്ങളുടെ പ്രവർത്തനം സുഗമവും നവീനവുമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തി വരുന്നതെന്ന് അറിയിക്കാമോ; | (എ) | ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനുമായി 13/07/2021-ൽ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്ര ആവശ്യങ്ങൾക്കായി പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമാനമെടുക്കുകയും ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണം ചെയ്ത് വരുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ വിവിധ ദേവസ്വം ബോർഡുകൾ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതും ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമി എപ്രകാരം ഉപയോഗപ്പെടുത്താമെന്ന റിപ്പോർട്ട് തയ്യാറാക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മരാമത്ത് വിഭാഗത്തിലെ എസ്റ്റേറ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ക്ഷേത്രങ്ങളിൽ ടോയ് ലറ്റ് സൗകര്യങ്ങൾയ ലഭ്യമല്ലാത്ത |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിൽ അവ നിർമ്മിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ഉയർന്ന വരുമാനമുള്ള ക്ഷേത്രങ്ങളിൽ വഴിപാട് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഓൺലൈൻ വഴിപാട് സമ്പ്രദായം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പല ക്ഷേത്രങ്ങളിലും പൂജകൾ മുൻകൂട്ടി ബുക്കു ചെയ്യുന്നതിനും, ക്ഷേത്രസംബന്ധമായ വിവരങ്ങൾ അറിയുന്നതിനും, മൊബൈൽ ആപ്പുകൾ വികസിപ്പിച്ച് നടപ്പിലാക്കുകയും കടലാസ് രഹിത പണമിടപാടുകൾ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന്, ഓൺലൈൻ പേയ്മെന്റ് ഗേറ്റ് പേ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം വഴിപാട് ബുക്കിംഗ് ഓൺലൈനാക്കി. കൂടാതെ വഴിപാട് ബുക്കിംഗ് കൗണ്ടറുകൾ ക്ഷേത്രത്തിന് പുറത്ത് സ്ഥാപിച്ചു. കൊച്ചിൻ ദേവസ്വം ബോർഡിൽ വഴിപാടുകൾ ഓൺലൈനായി ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യവും, UPI ID, Swiping Machine, QR Code എന്നിവയിലൂടെ പണമടയ്ക്കാനുള്ള സൗകര്യവും ആരംഭിച്ചു. കൂടൽമാണിക്യം ദേവസ്വത്തിന്റെ അധീനതയിലുള്ള തരിശ് ഭൂമികളിൽ വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾ നിർമ്മിച്ച് വാടകക്ക് നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും പ്രാരംഭമായി ഇരിങ്ങാലക്കുട ഠൗണിലുള്ള ഭൂമിയിൽ കെട്ടിടം പണിത് വാടകയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രയോജനപ്പെടുത്താവുന്ന ഭൂമികളിൽ ദീർഘവീക്ഷണത്തോടെ ഇത്തരം പദ്ധതികൾ ആവിഷകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദേവസ്വത്തിന്റെ കീഴിലുള്ള ഉപയോഗശൂന്യമായ കുളങ്ങളിൽ കൂടൽമാണിക്യം ക്ഷേത്രത്തിലെ പ്രധാന വഴിപാടായ താമരമാല ചാർത്തലിനുള്ള താമരപ്പൂവ് കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേവസ്വം സ്വയം പര്യാപ്തമാകുന്നതിന്റെ ഭാഗമായി തെങ്ങിൻ തൈകളും അതോടൊപ്പം തുളസി, തെച്ചി, കുറുന്തോട്ടി, ശതാവരി മുതലായ ചെടികളും നട്ടു വളർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷേത്രത്തിലെ താളിയോല ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുവേണ്ടി മ്യൂസിയം & ആർക്കൈവ്സ് സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ക്ഷേത്രത്തിൽ ഒരു ആയുർവേദ ക്ലിനിക്ക് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ നടത്തിയ അന്വേഷണത്തിൽ ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ പലയിടത്തും ചില സംഘടനകൾ ശാഖയും മാസ്ഡ്രില്ലും നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അന്വേഷണ ഉദ്യോഗസ്ഥരുടെ പരിശോധനാ വേളകളിലും തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ നടത്തിയ അന്വേഷണത്തിലും ബോർഡിന്റെ അധീനതയിലുള്ള ചില ക്ഷേത്രങ്ങളിൽ ആർ.എസ്.എസ് എന്ന സംഘടന ശാഖകൾ പ്രവർത്തിക്കുന്നതായും അവർ മാസ് ഡ്രിൽ നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേലിൽ ഇത്തരത്തിലുള്ള ശാഖകൾ പ്രവർത്തിക്കുകയോ മാസ് ഡ്രിൽ നടത്തുകയോ ക്ഷേത്രാചാരങ്ങൾക്ക് ഹിതകരമല്ലാത്ത പ്രവർത്തികളിൽ ഏർപ്പെടുകയോ ചെയ്യുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സബ്ഗ്രൂപ്പ് ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് 30/03/2021-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ക്ഷേത്രങ്ങളിൽ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമല്ലാതെ ആയുധപരിശീലനം നടത്തുന്നതും മറ്റും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (സി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ, ഏതെങ്കിലും വ്യക്തികളോ സംഘടനകളോ ആയുധ പരിശീലനം നടത്തുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം, ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനായി ബോർഡിന്റെ ഭാഗത്തു നിന്നും നടപടികൾ സ്വീകരിച്ചു വരുന്നു. ഗുരുവായൂർ, കൊച്ചിൻ, കൂടൽമാണിക്യം ദേവസ്വങ്ങളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഇതുവരെ ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ